പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1028 7.2.2013 ലെ മറുപടിക്ക്

## നാട്ടിക നിയോജക മണ്ഡലത്തിലെപട്ടികജാതി പിന്നോക്കകോളനികൾ

| ചോദ്യം | മറുപടി | |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിൽ സർക്കാർ അംഗീകരിച്ച എത്ര പട്ടികജാതി പിന്നോക്ക കോളനികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിൽ കില നടത്തിയ സർവ്വേയിൽ തിരഞ്ഞെടുത്ത 50-ൽ കൂടുതൽ കുടുംബങ്ങളുള്ള 3 പട്ടികജാതി കോളനികൾ നിലവിലുണ്ട്. (ശിവപുരം കോളനി, (പാറളം ഗ്രാമപഞ്ചായത്ത്), പെരുമ്പിളിശ്ശേരി കോളനി, ചിറവരമ്പ് കോളനി (ചേർപ്പ് ഗ്രാമപഞ്ചായത്ത്), എന്നിവയാണ് അവ). |
| (ബി) പ്രസ്തുത കോളനികളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക ചെലവഴിച്ചു എന്ന് കോളനികൾ തിരിച്ച് വിവരം അറിയിക്കുമോ? | ബി) | ശിവപുരം കോളനിയിൽ ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ എന്നിവയുള്ള വിജ്ഞാൻവാടി സ്ഥാപിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 95431/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്വയം പര്യാപ്ത ഗ്രാമങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശിവപുരം കോളനിയിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. രണ്ടാംഘട്ടം വിജ്ഞാൻവാടി സ്ഥാപിയ്ക്കുന്നതിനായി ചിറവരമ്പ് കോളനി (അംബേദ്കർ കോളനി) തെരഞ്ഞെടുക്കുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.